**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 83** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ക്ഷേമപദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. രാജൻ. ജെ. പല്ലൻ

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. സുധീർഷാ പാലോട്

ശ്രീ. കെ. ബിനിമോൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി കെ. എ. തുളസി

(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും സ്ത്രീകൾക്കും പ്രത്യേക ക്ഷേമപദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** പട്ടികജാതി വികസനവകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളിൽ വയോജനങ്ങൾക്കും സ്ത്രീകൾക്കും പ്രത്യേക പരിഗണന നൽകി വരുന്നു. സ്വാശ്രയ സംഘങ്ങൾക്കും വനിതാ സംഘങ്ങൾക്കും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. പട്ടികജാതി വിഭാഗത്തിലെ വനിതകളുടെ സാമ്പത്തിക സ്വയംപര്യാപ്തത ഉറപ്പുവരുത്തുകയും, സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയും, കൂട്ടായ്മയിലൂടെ സുസ്ഥിര തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ പട്ടികജാതി വികസന വകുപ്പ് "ദാക്ഷായണി സ്വയം തൊഴിൽ സഹായ പദ്ധതി" എന്ന പുതിയ പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. കൂടാതെ പട്ടികജാതി-പട്ടികവർഗ കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിനായി വനിതാ സമൃദ്ധി-സ്ത്രീ ശാക്തീകരണ പരിപാടി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിക്കാർക്കായി 'KATADI Initiative' (Kerala Accelerated Tribal Ability Development & Inclusion Initiative) എന്ന പേരിൽ പ്രത്യേക പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. വിശദാംശങ്ങൾ താഴെ പറയുന്ന പ്രകാരമാണ്.

**<u>പദ്ധതിയുടെ ലക്ഷ്യം:</u>**

ഭിന്നശേഷിക്കാരായ പട്ടികവർഗ്ഗക്കാർക്ക് അവരുടെ വൈകല്യങ്ങൾ തരണം ചെയ്യുന്നതിനായി വീൽചെയർ, ശ്രവണസഹായി ഉൾപ്പെടെയുള്ള സഹായക ഉപകരണങ്ങൾ വിതരണം ചെയ്യുക, ബോധവൽക്കരണം നൽകുക, മാനസിക പിന്തുണ (മെന്റൽ സപ്പോർട്ട്) ലഭ്യമാക്കുക.

**<u>നടത്തിപ്പ്:</u>**

- 17/02/2023-ലെ സ.ഉ(സാധാ) നം.242/2023/പ.ജാ.പ.വ.വി.വ ഉത്തരവ് പ്രകാരമാണ് ഈ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചത്.
- സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പും, കേന്ദ്ര സാമൂഹ്യനീതി മന്ത്രാലയത്തിന് കീഴിൽ കോഴിക്കോട് പ്രവർത്തിക്കുന്ന സി.ആർ.സി-യും (Composite Regional centre for Skill Development, Rehabilitation & Empowerment of Persons with Disabilities-CRC സംയോജിതമായാണ് പദ്ധതി നടപ്പിലാക്കുന്നത്.
- കേന്ദ്ര സർക്കാരിന്റെ എ.ഡി.ഐ.പി (ADIP) പദ്ധതി വഴി സംസ്ഥാനത്തൊട്ടാകെ 1,000 ഭിന്നശേഷിക്കാരായ പട്ടികവർഗ്ഗക്കാർക്ക് സഹായക ഉപകരണങ്ങൾ ലഭ്യമാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

**<u>അർഹത മാനദണ്ഡങ്ങൾ:</u>**

1. 40 ശതമാനത്തിലധികം വൈകല്യമുള്ളവരായിരിക്കണം.
2. കുടുംബത്തിലെ പ്രതിമാസ വരുമാനം 20,000/- രൂപയിൽ കവിയരുത്.

**<u>നിലവിലെ പുരോഗതി:</u>**

പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ വയനാട്, കോഴിക്കോട് ജില്ലകളിലായി ആകെ 63 പേർക്ക് സഹായക ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ജില്ല | ഓഫീസ് | സഹായക ഉപകരണം വിതരണം ചെയ്തവരുടെ എണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | വയനാട് | റ്റി.ഡി.ഒ സുൽത്താൻ ബത്തേരി | 45 |
| 2 | കോഴിക്കോട് | റ്റി.ഡി.ഒ കോഴിക്കോട് | 18 |
| ആകെ | | | 63 |

(തുടർന്ന് മറ്റ് ജില്ലകളിലേക്ക് കൂടി പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു)

പട്ടികവർഗ്ഗക്കാരായ അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരം ഉറപ്പുവരുത്തുന്നതിനായി 'ജനനി ജന്മരക്ഷ' പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഗർഭാവസ്ഥയുടെ മൂന്നാം മാസം മുതൽ കുട്ടിക്ക് ഒരു വയസ്സ് തികയുന്നതുവരെ 18മാസത്തേയ്ക്ക് 2000/-രൂപ നിരക്കിൽ സമയബന്ധിതമായി സാമ്പത്തികസഹായം നൽകുന്ന പദ്ധതിയാണിത്. ബാങ്ക് അക്കൗണ്ട് മുഖേനയാണ് ധനസഹായം നൽകുന്നത്. ഗർഭിണികൾക്ക് കൃത്യമായ കൗൺസിലിംഗും നവജാത ശിശുക്കളുടെ ആരോഗ്യ നിരീക്ഷണവും നൽകുന്നതിനുള്ള ഒരു സംവിധാനം മൊബൈൽ മെഡിക്കൽ ക്ലിനിക്കുകളും പി.എച്ച്.സി.കളും വഴി ഉറപ്പാക്കുന്നു. 2026-27 സാമ്പത്തികവർഷം ടി പദ്ധതിക്കായി 2000.00 ലക്ഷം രൂപ വകയിരുത്തിയതിൽ നാളിതുവരെ 11,28,17,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട രക്ഷിതാക്കൾക്ക് അവരുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുക എന്ന ലക്ഷ്യത്തോടെ 'പട്ടികവർഗ്ഗപെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം' പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പ്രായപൂർത്തിയായ പെൺകുട്ടിക്ക് 1.50 ലക്ഷം രൂപ എന്ന നിരക്കിലും അനാഥരായ പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് രണ്ടു ലക്ഷം രൂപയും നൽകി വരുന്നു. 2026-27 സാമ്പത്തിക വർഷം 400.00 ലക്ഷം രൂപ ടി പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. നടപ്പു സാമ്പത്തികവർഷം 1,14,60,000/- രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

**(ബി)** സംരംഭങ്ങൾ ആരംഭിക്കുന്നതിനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും നൽകുന്ന വായ്പാ/സബ്സിഡി പദ്ധതികളുടെ വിശദാംശം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** **<u>പട്ടികജാതി വിഭാഗത്തിനുള്ള സ്വയംതൊഴിൽ പദ്ധതി</u>**

വ്യക്തികൾക്ക് 3 ലക്ഷം വരെയുള്ള വായ്പകൾക്ക് വായ്പാതുകയുടെ 1/3 സബ്സിഡി അനുവദിക്കുന്ന ഈ പദ്ധതി ബാങ്കുകളുമായി ചേർന്ന് നടപ്പിലാക്കുന്നു. ബാങ്ക് അംഗീകരിക്കുന്ന ഏത് സ്വയംതൊഴിൽ സംരംഭവും തുടങ്ങാം.

**ദുർബല വിഭാഗ പുനരധിവാസ പദ്ധതി :-**

ഇപ്രകാരമുള്ള സ്വയം തൊഴിൽ (വ്യക്തിഗത സംരംഭം) സഹായ പദ്ധതിയിൽ സ്ഥിരം തൊഴിൽ/വരുമാനം ഇല്ലാത്തവരും പ്രായം 18നും 60നും മദ്ധ്യേയുള്ളതും കുടുംബ വരുമാനം 1 ലക്ഷം രൂപയിൽ താഴെയുള്ളതും ബന്ധപ്പെട്ട തൊഴിൽ മേഖലയിൽ വൈദഗ്ധ്യവും പ്രായോഗിക പരിചയവും ഉള്ള ഗുണഭോക്താക്കൾക്ക് പരമാവധി 3,00,000/- (മൂന്ന് ലക്ഷം രൂപാ മാത്രം) രൂപ ധനസഹായമായി അനുവദിച്ചുവരുന്നു. ബാങ്ക് വായ്പ സ്വരൂപിക്കുന്ന പക്ഷം വായ്പ ലഭ്യമാക്കി സംരംഭം ആരംഭിച്ച ശേഷം വായ്പ അനുവദിച്ചതുമായി ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ ഒറ്റത്തവണയായി സബ്സിഡി വായ്പ അക്കൗണ്ടിലേക്ക് അനുവദിച്ചും ബാങ്ക് വായ്പയില്ലാത്ത സംരംഭങ്ങളിൽ അംഗീകരിച്ച പ്രൊജക്റ്റ് റിപ്പോർട്ട് (ബന്ധപ്പെട്ട മേഖല വിദഗ്ധർ സാക്ഷ്യപ്പെടുത്തിയത്) പ്രകാരം ആവശ്യമായ തുകയുടെ 50% മാത്രം മുൻകൂർ അനുവദിച്ചുകൊണ്ടും, ശേഷിക്കുന്ന തുക സംരംഭം ആരംഭിച്ച ശേഷം ചെലവായ തുക സംബന്ധിച്ചുള്ള രേഖകൾ ലഭ്യമാക്കി ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ നേരിട്ട് പരിശോധിച്ച് ബോധ്യപ്പെട്ട ശേഷം അനുവദിച്ചുമാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.

**സ്വാശ്രയ സംഘങ്ങൾക്കും വനിതാ സംഘങ്ങൾക്കും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി:-**

പത്തോ അതിൽ കൂടുതലോ പട്ടികജാതി വിഭാഗക്കാർ അംഗങ്ങളായുള്ള സ്വാശ്രയസംഘങ്ങൾക്കും 80 ശതമാനമോ അതിനുമുകളിലോ പട്ടികജാതി വിഭാഗക്കാർ അംഗങ്ങളായുള്ള വനിതാ സ്വാശ്രയ സംഘങ്ങൾക്കും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രൊജക്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 75% തുക (പരമാവധി 10 ലക്ഷം രൂപ) സംഘങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഈ പദ്ധതി പ്രകാരം അനുവദിച്ചു നൽകുന്നു.

പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സുസ്ഥിരമായ ഉപജീവന സാധ്യതകൾ ഒരുക്കി കൊടുക്കുക അതുവഴി അവരുടെ വരുമാനം വർദ്ധിപ്പിക്കുക എന്നിവ ലക്ഷ്യം വച്ചുകൊണ്ട് 'പട്ടികവർഗ്ഗ ഉന്നതികൾക്കായുള്ള ഉപജീവന മിഷൻ' എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ടി പദ്ധതി വഴി വിവിധ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ധനസഹായം നൽകി വരുന്നുണ്ട്.

**(സി)** ഈ ഇനത്തിൽ കഴിഞ്ഞ അഞ്ച് വർഷം അനുവദിച്ച തുകയും ചെലവഴിച്ച തുകയും സാമ്പത്തിക വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാണോ?

**<u>മറുപടി:</u>** **പട്ടികജാതിക്കാർക്കായുള്ള സ്വയംതൊഴിൽ പദ്ധതിക്ക് അനുവദിച്ചതും ചെലവഴിച്ചതുമായ തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

| സാമ്പത്തിക വർഷം | അനുവദിച്ചതും ചെലവഴിച്ചതുമായ തുക (ലക്ഷത്തിൽ) |
|---|---|

| | |
|---|---|
| 2021-22 | 134.8 |
| 2022-23 | 214.59 |
| 2023-24 | 123.66 |
| 2024-25 | 234.47 |
| 2025-26 | 94.36 |

**ദുർബല വിഭാഗ പുനരധിവാസ പദ്ധതി**

2024-25 മുതലാണ് സ്വയംതൊഴിൽ പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചിട്ടുള്ളത്

| സാമ്പത്തിക വർഷം | തുക (ലക്ഷത്തിൽ) |
|---|---|
| 2024-25 | 519 |
| 2025-26 | 153 |

പട്ടികവർഗ്ഗ ഉന്നതികൾക്കായുള്ള ഉപജീവന മിഷൻ പദ്ധതി ആരംഭിച്ചത് 2025-ലാണ്. പദ്ധതിയ്ക്കായി ഓരോ വർഷവും 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷം 48,00,000/- രൂപയും, 2026-27 സാമ്പത്തിക വർഷം നാളിതുവരെ 4,16,750/- രൂപയും പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**